# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 705**      **20/03/2013 ൽ മറുപടിക്ക്**

**അർബുദ രോഗത്തിനുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അർബുദ രോഗത്തിനുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) & (ബി) | ഉണ്ട്. റീജിയണൽ കാൻസർ സെന്ററിൽ മരുന്ന് വിതരണം ചെയ്യുന്ന കമ്പനികളിൽ നിന്നും അർബുദ രോഗത്തിനുള്ള 69 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും വിതരണം ചെയ്തു വരുന്നു.<br><br>സർക്കാർ മേഖലയിൽ കാൻസർ ചികിത്സാ സൗകര്യമില്ലാത്ത 7 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഒരു മേജർ ആശുപത്രിയിൽ വീതം കാൻസർ ചികിത്സ ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ വീതം 2012-13 പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ 40 ലക്ഷം രൂപ മരുന്ന് വാങ്ങുന്നതിനാണ് നീക്കി വച്ചിട്ടുള്ളത്. പുതുതായി ആരംഭിക്കുന്ന ഈ കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ കീമോതെറാപ്പിയ്ക്കെത്തുന്ന രോഗികൾക്ക് സൗജന്യമായി മരുന്ന് വാങ്ങി നൽകുന്നതിന് ഈ തുക ഉപയോഗിക്കാവുന്നതാണ്. |
| (ബി) | എങ്കിൽ അർബുദ രോഗികൾക്ക് ഒരു പരിധി വരെ ആശ്വാസം നൽകുന്ന പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ